## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6489 — 21/11/2019-ൽ മറുപടിയ്ക്ക്

## വിദ്യാലയം പ്രതിഭകളിലേക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ആർ. രാമചന്ദ്രൻ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഇത് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളാണ് ഈ പരിപാടിയിൽ പങ്കാളികളാവുന്നത്. സംസ്ഥാനത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാലയ പരിസരത്തെ പ്രതിഭയെ വീട്ടിലെത്തി ആദരിക്കുകയാണ് ചെയ്യുന്നത്. പ്രതിഭകൾ നവപ്രതിഭകളെ ഉണർത്തുന്ന സർഗ്ഗ പ്രക്രിയയാണ് ഈ കൂടിക്കാഴ്ച. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | |
| (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലെ മുഖ്യ പങ്കാളികൾ ആരെല്ലാമാണെന്ന് അറിയിക്കുമോ; | (സി) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാലയ പരിസരത്തുള്ള പ്രതിഭാധനരായ വ്യക്തികൾ എന്നിവരാണ് ടി പദ്ധതിയിലെ പങ്കാളികൾ. |
| (ഡി) ഈ പദ്ധതി സംസ്ഥാനത്ത് ഏതെങ്കിലും വിദ്യാലയത്തിൽ മുമ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Reeny

സെക്ഷൻ ഓഫീസർ